(29) ഉറുദു അക്കാഡമി

ശ്രീ. മത്തായി ചാക്കോ: സർ, ഉറുദു ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു സബ്മിഷനാണ്. ദേശീയ ഐക്യത്തിന്റേയും ഇൻഡ്യയുടെ സെക്കുലർ സംസ്ക്കാരത്തിന്റേയും പ്രതീകമാണ് ഉറുദു ഭാഷ. അതിന് കേരളത്തിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നുള്ളതുകൊണ്ടാണ് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിക്കുന്നത്. ഇൻഡ്യയിലെ വിവിധ ഭാഷകളിൽ നിന്ന് പദസമ്പത്ത് സ്വീകരിച്ചുകൊണ്ട് സമ്പന്നമായി മാറിയിട്ടുള്ള ഭാഷയാണ് ഉറുദു. അറബി ഭാഷയുടെ പ്രൗഢിയും പാർസി ഭാഷയുടെ ലാളിത്യവും ഹിന്ദിയുടെ മാധുര്യവും ഇംഗ്ലീഷിന്റെ ഒഴുക്കും എല്ലാം ചേർന്നിട്ടുള്ള ഒരു സാർവ്വജനീനമായ ഭാഷയാണ് ഉറുദു. ഇങ്കിലാബ് സിന്ദാബാദ് എന്നുള്ളത് ഉറുദുവാണ്. ഇക്ബാലിന്റേയും പ്രേംചന്ദിന്റേയുമൊക്കെ കൃതികൾ ഉറുദുവിലാണ്. സംസ്കൃത ഭാഷയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ധാരാളം പണം ചെലവഴിക്കുന്ന കേരളത്തിൽ ഉറുദുവിനുവേണ്ടി പ്രത്യേക അക്കാഡമി രൂപീകരിക്കുകയും ഉറുദു അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും വേണം. ഞാൻ പ്രതിനിധീകരിക്കുന്ന കമ്മ്യൂണിസ്റ്റ്പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസ്റ്റ് അതിന്റെ പാർട്ടി പരിപാടിയിൽ ഉറുദുവിനെ പരിപോഷിപ്പിക്കണമെന്ന് എഴുതി വച്ചിട്ടുള്ള ഒരു പാർട്ടിയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഉറുദുവിൽ അങ്ങയുടെ പേര് പറയാമോ?

ശ്രീ. മത്തായി ചാക്കോ: ഉറുദു വിവിധ ഭാഷകളിലെ പദങ്ങൾ സ്വീകരിച്ചിട്ടുള്ളതാണ്. എന്റെ പേര് മത്തായി ചാക്കോ എന്നുതന്നെയാണ്.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സഭയിൽ അംഗീകരിച്ചിരിക്കുന്ന ഭാഷകളുണ്ട്; അതിൽ ഉറുദു ഇല്ല.

ശ്രീ. മത്തായി ചാക്കോ: ഉറുദു അക്കാഡമി സ്ഥാപിക്കുന്നതിനും കേരളത്തിലെ ഉറുദു അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേക താല്പര്യം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, നല്ല ആശയമാണ് ശ്രീ. മത്തായി ചാക്കോ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഇൻഡ്യാ ഗവൺമെന്റും ദേശീയ തലത്തിൽ രൂപീകൃതമായ ദേശീയ കൗൺസിൽ ഫോർ പ്രൊമോഷൻ ഓഫ് ഉറുദു ലാംഗ്വേജ് (എൻ.സി.പി.യു.എൽ.) എന്ന സ്ഥാപനവും ഗവൺമെന്റ് ഓഫ് ഇൻഡ്യയും ഉറുദു ഭാഷയ്ക്ക് വളരെയധികം പ്രോത്സാഹനം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഇൻഡ്യയിൽ വളരെ അംഗീകരിച്ചിട്ടുള്ള ഒരു ഭാഷ എന്നുള്ള നിലയിൽ ഉറുദുവിന്റെ പരിപോഷണത്തിനുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്യാവുന്നതാണ്. ഉറുദു അക്കാഡമി സ്ഥാപിക്കുക എന്ന ആശയം സർക്കാർ വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്.

(30) ചാത്തന്നൂരിലെ വിഗ്രഹമോഷണം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഇന്ന് ഒരു ടി. വി. ചാനലിൽ മീശമാധവൻ എന്ന സിനിമ വീണ്ടും സംപ്രേഷണം ചെയ്യുന്നു. ഈ സിനിമ കണ്ടുകഴിഞ്ഞാൽ ജനങ്ങളുടെ സംശയം ഏറുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഇന്നുതന്നെ ഉന്നയിക്കുന്നത്. കല്ലുവാതുക്കൽ, മേമനക്കോണം, തിരുനെട്ടറക്കാവ് ഭഗവതി ക്ഷേത്രത്തിലേയും പഴങ്ങാനം ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലേയും പഞ്ചലോഹ വിഗ്രഹങ്ങളും കൊടിമൂട്ടിൽ ഭഗവതിയുടെ കിരീടവും തിരുവാഭരണവും മോഷണം പോകുകയും പരവൂർ പൂറ്റിങ്ങൽ ക്ഷേത്രത്തിലെ കളിത്തട്ട് തീവച്ച് നശിപ്പിക്കുകയും ചേനമത്ത് മഹാദേവർ ക്ഷേത്രത്തിലും താഴത്തെ ഭഗവതി ക്ഷേത്രത്തിലും വഞ്ചി മോഷ്ടിക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് ഇതുവരെ കുറ്റക്കാരെ കണ്ടുപിടിച്ചിട്ടില്ല. കൊടും വരൾച്ചയ്ക്കിടയിലും ഈ പ്രദേശത്ത് മണൽ മാഫിയയ്ക്ക് പോലീസ് എല്ലാ ഒത്താശയും ചെയ്തു കൊടുക്കുകയാണ്. പരവൂരിലേയും ചാത്തന്നൂരിലേയും സർക്കിൾ ഇൻസ്പെക്ടർമാർ ഇവരുടെ ഏജന്റുമാരായി പ്രവർത്തിച്ചുകൊണ്ടാണ് സഹായം ചെയ്തുകൊണ്ടിരിക്കുന്നത്. വിശ്വാസികളുടെ വിശ്വാസത്തിനു നേരെയുണ്ടായ ആഘാതത്തിന് നാളിതുവരെ നടപടി ഉണ്ടായിട്ടില്ല. എത്രയും പെട്ടെന്ന് കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനായി ഒരു ടെമ്പിൾ സ്ക്വാഡ് രൂപീകരിച്ച് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള ചില സംഭവങ്ങൾ ഇവിടെ നടന്നു. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. അതിൽ തിരുനെട്ടറക്കാവ് ഭഗവതിക്ഷേത്രത്തിലെ മോഷണം സംബന്ധിച്ച അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. കേസ് അന്വേഷണാവസ്ഥയിലാണ്. മറ്റ് രണ്ട് കേസുകളും ഇതുവരെ ഡിറ്റക്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇതുകൂടാതെ 2003 ഏപ്രിൽ 23-ാം തീയതി വെളുപ്പിന് ആരോ പരവൂർ പൂറ്റിങ്ങൽ ക്ഷേത്രത്തിലെ കളിത്തട്ട് തീവച്ച് നശിപ്പിച്ചു. ഇതിൽ പരവൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെങ്കിലും കുറ്റക്കാരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ഈ കേസുകളെ സംബന്ധിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly